**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3454

16/12/2015 – ൽ മറുപടി നൽകേണ്ടിയിരുന്നത്.

## കുടുംബശ്രീയ്ക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

**ചോദ്യം**
ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

**ഉത്തരം**
ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയുടെ നടത്തിപ്പിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ വർഷവും ഇതെത്രയെന്നും വ്യക്തമാക്കാമോ; മാച്ചിംഗ് ഗ്രാന്റ് ഉൾപ്പെടെയുള്ള തുകയിൽ എത്ര രൂപയുടെ കുറവ് വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയുടെ നടത്തിപ്പിനായി ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 4500 | 7100 |
| 2012-13 | 8417 | 6032 |
| 2013-14 | 9000 | 8654 |
| 2014-15 | 7500 | 8616 |
| 2015-16 (30.11.2015 വരെ) | - | 5352 |

മുൻ വർഷങ്ങളിൽ ലഭിച്ചതിന്റെ ബാക്കി തുക തൊട്ടടുത്ത വർഷങ്ങളിൽ ചെലവഴിച്ചതിനാൽ ആണ് ചില വർഷങ്ങളിൽ ലഭിച്ച തുകയെക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്. മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ തുകയ്ക്ക് കുറവൊന്നും ഉണ്ടായിട്ടില്ല. 2013-14 ൽ 382.32 ലക്ഷം രൂപയും 2014-15 ൽ 422.14 ലക്ഷം രൂപയും 2015-16 ൽ (നവംബർ വരെ) 149.17 ലക്ഷം രൂപയും മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.